"ഭരണഭാഷ മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഭക്ഷ്യ പൊതുവിതരണ വകപ്പ് -- സമാശ്വാസ തൊഴിൽദാന പദ്ധതി- കമാരി അശ്വതി പി. എന്നയാൾക്ക് സപ്ലൈകോയിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ നിയമനം നൽകന്നതിന് അനുമതി നൽകി ഉത്തരവാകന്നു

---

ഭക്ഷ്യ പൊതുവിതരണ (സി) വകപ്പ്

സ.ഉ.(കൈ) നം.13/2024/F&CS തീയതി,തിരുവനന്തപുരം, 29-08-2024

---

പരാമർശം:-

1. 07.06.2007തീയതിയിലെ സ.ഉ.(അച്ചടി) നം. 32/2007/ പ്ലാനിംഗ്
2. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം. 05/2018/ ഉ.ഭ.പ.വ
3. 28.04.2018 തീയതിയിലെ സ.ഉ.(അച്ചടി) നം. 07/2018/ ഉ.ഭ.പ.വ.
4. .24.05.1999 തീയതിയിലെ സ.ഉ.(പി.) നം. 12/1999/ ഉ.ഭ.പ.വ.
5. കമാരി അശ്വതി പി. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സമർപ്പിച്ച 30.05.2023 ലെ അപേക്ഷ.
6. കാസർഗോഡ് ജില്ലാകളക്ടറുടെ 07.03.2024 ലെ DCKSGD/12078/2023-A5 നമ്പർ കത്ത്.
7. സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 25.082022 ലെ ഡി6-23622/22 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരള സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ കാഞ്ഞങ്ങാട് ഡിപ്പോയ്ക്ക് കീഴിലെ ചീമേനി സൂപ്പർ മാർക്കറ്റിൽ ജൂനിയർ അസിസ്റ്റന്റ് ആയിരിക്കെ മരണപ്പെട്ട മധുസൂദനൻ.വി. യുടെ മകൾ കമാരി അശ്വതി.പി. (കൊരായിച്ചാൽ, തിമിരി പി. ഒ., ചെറുവത്തൂർ, കാസർഗോഡ് - 671 313) എന്നയാൾ പരാമർശം (5) പ്രകാരം സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ പരാമർശം (6) പ്രകാരമുള്ള കാസർഗോഡ് ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം (7) പ്രകാരം നിലവിലുള്ള അസിസ്റ്റന്റ് സെയിൽസ്മാൻ ഒഴിവിൽ ടിയാരിക്ക സമാശ്വാസ തൊഴിൽ ദാന പദ്ധതിപ്രകാരം നിയമനം നൽകന്നതിനുള്ള ശിപാർശ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2) മധുസൂദനൻ. വി. 15/01/2004 ൽ സപ്ലൈകോയിൽ സേവനത്തിൽ പ്രവേശിച്ച് കാസർകോട് ജില്ലയിൽ സപ്ലൈകോ താലൂക്ക് ഡിപ്പോ, കാഞ്ഞങ്ങാട് ചീമേനി സൂപ്പർ മാർക്കറ്റിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവെയാണ് 06/02/2023 ൽ മരണപ്പെട്ടിട്ടുള്ളത്. 23/07/1969 ടിയാന്റെ ജനനത്തീയതിയും സർവ്വീസിൽ നിന്നും വിരമിക്കേണ്ടിയിരുന്നത് 31/07/2025 നുമാണ്. മരണപ്പെടുമ്പോൾ ടിയാൻ 19 വർഷവും 23

ദിവസവും സേവനകാലം പൂർത്തിയാക്കിയിരുന്നു.

3) അപേക്ഷകയായ കുമാരി അശ്വതി പി. യുടെ ജനനത്തീയതി 13/11/1997 ആണ്. സ്കൂൾ രേഖകൾ പ്രകാരം അപേക്ഷയ്ക്ക് 26 വയസ്സുണ്ട്. 03/01/2024 ന് അനുവദിച്ച കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് പ്രകാരം അപേക്ഷകയുടെ വാർഷിക വരുമാനം 7,91,232 രൂപയാണ്. കുമാരി അശ്വതി പി. യുടെ വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി, പ്ലസ് ടു, ബികോം എന്നിവയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ കാസർകോട് ജില്ലയിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലേയ്ക്കാണ് കുമാരി അശ്വതി നിയമനം ആവശ്യപ്പെടുന്നത്. മറ്റ് അവകാശികൾ അപേക്ഷകയ്ക്ക് ആശ്രിതനിയമനം നൽകുന്നതിന് അനുകൂലമായി മൊഴി നൽകിയിട്ടുണ്ട്. ജോലികിട്ടിയാൽ കുടുംബക്കാരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള അപേക്ഷകയുടെ മൊഴിയും ഉൾപ്പെടുത്തിയിട്ടുണ്ട് . ടി ജോലിക്കായി നിർദ്ദിഷ്ട യോഗ്യത ആർജിച്ചിട്ടുള്ള അപേക്ഷകയുടെ മറ്റ് അവകാശികളാരും തന്നെ ജോലിയ്ക്കായി അപേക്ഷ സമർപ്പിക്കുകയോ അവർക്ക് ജോലി ലഭിക്കുകയോ ചെയ്തിട്ടില്ലായെന്ന് കാസർകോട് ജില്ലാകളക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആശ്രിത നിയമന പദ്ധതിയുടെ വ്യവസ്ഥകൾപ്രകാരമുള്ള സമയപരിധിക്കുള്ളിൽ കുമാരി അശ്വതി പി. അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടിയാരിയുടെ വിദ്യാഭ്യാസ യോഗ്യത പ്രകാരം അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയ്ക്ക് അനുയോജ്യയാണ്.

4) സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച ശുപാർശ, കാസർഗോഡ് ജില്ലാ കളക്ടറുടെ റിപ്പോർട്ട് ഇതുമായി ബന്ധപ്പെട്ട മറ്റ് അനുബന്ധരേഖകൾ എന്നിവ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും, കാസർഗോഡ് ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, കേരള സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ കാഞ്ഞങ്ങാട് ഡിപ്പോയ്ക്ക് കീഴിലെ ചീമേനി സൂപ്പർ മാർക്കറ്റിൽ ജൂനിയർ അസിസ്റ്റന്റ് ആയിരിക്കെ 06/02/2023 ൽ മരണപ്പെട്ട മധുസൂദനൻ.വി. എന്നയാളുടെ മകൾ കുമാരി അശ്വതി പി. യ്ക്ക് ആശ്രിത നിയമന പദ്ധതിയുടെ വ്യവസ്ഥകൾ പ്രകാരം കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിൽ അസിസ്റ്റന്റ് സെയിൽസ്മാനായി കാസർഗോഡ് ജില്ലയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് നിയമനം നൽകുന്നതിന് സപ്ലൈകൊ ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

5) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറും, ഇത് നേരിട്ടുള്ള റിക്രൂട്ട്മെന്റ് എന്ന രീതിയിൽ എല്ലാ നടപടിക്രമങ്ങളും പാലിച്ച് കുമാരി അശ്വതി പി. യ്ക്ക് ഔദ്യോഗിക നിയമന ഉത്തരവ് പുറപ്പെടുവിക്കുകയും ഒറിജിനൽ സർട്ടിഫിക്കറ്റുകൾ വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, സംസ്ഥാന സർക്കാർ സർവ്വീസിലുള്ള ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഏറ്റവും പുതിയ പാസ്സ്പോർട്ട് സൈസ് ഫോട്ടോ ഉൾപ്പെടെ പരിശോധിച്ച ശേഷം ഡ്യൂട്ടിക്ക് പ്രവേശിപ്പിക്കേണ്ടതും, സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണറിൽ നിന്ന് ലഭിച്ച ശാരീരിക ക്ഷമതയുടെ സർട്ടിഫിക്കറ്റും ഒരു ഗസറ്റഡ് ഓഫീസറിൽ നിന്ന് ലഭിച്ച പെരുമാറ്റ/സ്വഭാവ സർട്ടിഫിക്കറ്റും ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് അപേക്ഷകയിൽ

നിന്ന് വാങ്ങേണ്ടതുമാണ്. മരണപ്പെട്ട ജീവനക്കാരന്റെ സേവനപുസ്തകത്തിലും ജീവനക്കാരൻ അവസാനമായി ജോലിചെയ്തിരുന്ന ഓഫീസിലെ ജീവനക്കാര്യം സംബന്ധിച്ച രജിസ്റ്ററിലും പ്രസ്തുത നിയമന ഉത്തരവ് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും ഓഫീസ് മേധാവി/വകുപ്പ് മേധാവി ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. നിയമന ഉത്തരവിന്റെ പകർപ്പ് യഥാസമയം സർക്കാരിലേയക്ക് ലഭ്യമാക്കേണ്ടതാണ്. സാധുവായ അപേക്ഷ തീയതിയായ 30/05/2023 അടിസ്ഥാനമാക്കി അപേക്ഷകയുടെ നിയമനത്തിനായുള്ള സീനിയോരിറ്റി നിയമനാധികാരി കണക്കാക്കേണ്ടതാണ്. നിയമനം നല്കി ആറുമാസത്തിനുള്ളിൽ അപേക്ഷകയുടെ വിദ്യാഭ്യാസയോഗ്യത വ്യക്തമാക്കുന്ന രേഖകളുടെ വിശ്വാസ്യത നിയമനാധികാരി ഉറപ്പ് വരുത്തേണ്ടതാണ്.

6) നിയമനം തീർത്തും താൽകാലികമായിരിക്കും എന്തെന്നാൽ ആശ്രിത നിയമനത്തിനുള്ള അപേക്ഷ അയയ്ക്കുന്ന സമയത്തോ നിയമനം ലഭിച്ച വകുപ്പിൽ നിന്നുള്ള അന്വേഷണ സമയത്തോ അപേക്ഷകയെ സംബന്ധിക്കുന്ന എന്തെങ്കിലും വിവരങ്ങൾ തെറ്റായി നൽകിയതായോ മറച്ചു വച്ചതായോ സർക്കാരിനു ബോധ്യമാകുന്നപക്ഷം എപ്പോൾ വേണമെങ്കിലും സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരമുള്ള നിയമനം സർക്കാർ റദ്ദ് ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

1.ശ്രീമതി അശ്വതി പി. ( പരേതനായ മധുസൂദനൻ വി., ജൂനിയർ അസിസ്റ്റന്റിന്റെ മകൾ),കൊരായിച്ചാൽ, തിമിരി പി. ഒ., ചെറുവത്തൂർ, കാസർഗോഡ് - 671 531
2.ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി.
3.ജില്ലാ കളക്ടർ, കാസർഗോഡ്, (07.03.2024 ലെ DCKSGD/12078/2023-A5 നമ്പർ കത്ത്
4.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
5.വിവര സാങ്കേതിക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6.കരുതൽ ഫയൽ / ഓഫീസ് കോപ്പി (File No. C3/51/2024)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ഭക്ഷ്യ പൊതുവിതരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ.യ്ക്ക്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്